LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതിക്കാർക്കുള്ള ചികിത്സാ ധനസഹായം

180 (8240) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

പട്ടികജാതി വികസനവകുപ്പ് കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ പട്ടിക ജാതിക്കാർക്കുള്ള ചികിത്സാ ധനസഹായം എത്രപേർക്ക് അനുവദിച്ചുവെന്നും ആകെ എത്ര രൂക അനുവദിച്ചുവെന്നും വിശദീകരിക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ 166 പേർക്ക് 13,25,000 രൂപ (പതിമൂന്ന് ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

കൊട്ടാരക്കര മണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതിക്കാർ

181 (8241) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കൊട്ടാരക്കര മണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാർ എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവരുടെ ഭവനനിർമ്മാണത്തിന് എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ഭവനം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊട്ടാരക്കര മണ്ഡലത്തിൽ നിലവിൽ 235 ഭവനരഹിതരായ പട്ടികജാതിക്കാരുണ്ട്.

(ബി&സി) പട്ടികജാതി വികസന വകുപ്പിൽനിന്നും ഭവനരഹിത പുനരധിവാസ പദ്ധതിപ്രകാരം ഒരാൾക്ക് മൂന്നുലക്ഷം രൂപ വീതം ഭവനനിർമ്മാണ ധനസഹായം നൽകിവരുന്നുണ്ട്. ജനസംഖ്യാനുപാതികമായി വകുപ്പ് നിശ്ചയിക്കുന്ന ഭൗതിക ലക്ഷ്യത്തിനനുസൃതമായി ഗ്രാമസഭ/വാർഡുസഭാ ലിസ്റ്റിൽനിന്നും യോഗ്യതയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ആനുകൂല്യം അനുവദിക്കുന്നു.